# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1047

30.11.2018-ലെ മറുപടിക്ക്

## കൊല്ലമുള കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | റാന്നി നിയോജകമണ്ഡലത്തിലെ കൊല്ലമുള കുടിവെള്ള പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; എന്തൊക്കെ പ്രവൃത്തികളാണ് ഈ തുക ഉപയോഗിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; ഇവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; ഇനിയും എന്തൊക്കെ നിർമ്മാണങ്ങൾ പൂർത്തീകരിക്കാനുണ്ട്; ഇതിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) | കൊല്ലമുള കുടിവെള്ളപദ്ധതിക്ക് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരം (NRDWP) 800 ലക്ഷം രൂപയുടേയും സ്റ്റേറ്റ് പ്ലാൻ പ്രകാരം 320 ലക്ഷം രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. NRDWP പ്രകാരം ഭരണാനുമതി കിട്ടിയ 800 ലക്ഷം രൂപ ഉപയോഗിച്ച് താഴെ പറയുന്ന ഘടകങ്ങൾ നിർമ്മിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br><br>(1) എരുമേലി ശുദ്ധീകരണശാലയിൽ നിന്നും വെൺ കുറിഞ്ഞി ജലസംഭരണി വരെ ക്ലിയർ വാട്ടർ ഗ്രാവിറ്റി ലൈൻ<br>(2) വെൺകുറിഞ്ഞിയിൽ ജലസംഭരണിയും പമ്പ് ഹൗസും<br>(3) വെൺകുറിഞ്ഞി മുതൽ പാമ്പിരിക്കുംപാറ വരെ ക്ലിയർ വാട്ടർ പമ്പിങ് മെയിൻ<br>(4) വെൺകുറിഞ്ഞി മുതൽ ഓലിക്കൽ ബൂസ്റ്റർ വരെ പമ്പിങ് മെയിൻ<br>(5) ഓലിക്കൽ മുതൽ തലമുട്ടിയാനി ടാങ്ക് വരെ പമ്പിങ് മെയിൻ<br>(6) ഓലിക്കൽ ജലസംഭരണിയും പമ്പ് ഹൗസും |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | (7) തലമുടിയാനിയിൽ ജലസംഭരണി<br>(8) പമ്പ് സെറ്റുകൾ.<br><br>ഇതിൽ മേൽ സൂചിപ്പിച്ച 1, 2, 3 എന്നീ ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി. വെൺകുറിഞ്ഞി മുതൽ ഓലിക്കൽ വരെ സ്ഥാപിക്കുന്ന ക്ലിയർ വാട്ടർ പമ്പിങ് മെയിനിന്റെ പ്രവൃത്തി കരാർ നൽകിയെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. NRDWP ഫണ്ടിന്റെ അപര്യാപ്തത കാരണം ഒന്നാം ഘട്ടത്തിൽ നിർമ്മാണം അവശേഷിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി 320 ലക്ഷം രൂപയുടെ ഭരണാനുമതി സ്റ്റേറ്റ് പ്ലാനിൽ ലഭിച്ചു. പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ പങ്കെടുത്തില്ല. റീ-ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്ത് ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | അവശേഷിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തികളുടെ കരാർ നടപടികൾ പൂർത്തീകരിച്ച് 2019 ജൂലൈ മാസത്തോടു കൂടി പൂർത്തിയാക്കി, കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**